## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2678** **10-7-2015 ൽ മറുപടിയ്ക്ക്**

## ഭവനരഹിതരായവർക്കുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എം. ഉമ്മർ,<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.സി. ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഭവനരഹിതരായവരുടെ എണ്ണം കുറച്ചു കൊണ്ടു വരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചതും, പരിഷ്കരിച്ചതുമായ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ; | (എ) | മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മവാർഷികം പ്രമാണിച്ച് 2015-16 വാർഷിക പദ്ധതിയിൽ എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തിന് ഭവന നിർമ്മാണ ധന സഹായമായി 2 ലക്ഷം രൂപ നൽകണമെന്ന് നിർദ്ദേശിച്ച് 9-12-14 ലെ സ.ഉ (സാധാ) നമ്പർ.3258/14/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. 27-5-2015 ലെ സ.ഉ(സാധാ)നം.1577/15/ തസ്വഭവ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്കായി ജവഹർ ഭവന പദ്ധതി എന്ന പേരിൽ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി യുടെ നിർവഹണ കാലാവധി 2012 മാർച്ച് 31ന് അവസാനിച്ചു വെങ്കിലും 27-2-2012 സ.ഉ (എം.എസ്)52/12/തസ്വഭവ മുഖേന പ്രസ്തുത തീയതിയ്ക്ക് മുമ്പ് എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ധനസഹായ തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 2014-15ൽ അവസാനിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ IHSDP പദ്ധതിയുടെ കാലാവധി 2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 2011 ജൂണിൽ ആരംഭിച്ച രാജീവ് ആവാസ് യോജന പദ്ധതിയുടെ ഭാഗമായി ചേരി പ്രദേശത്തെ ജനങ്ങൾക്ക് പാർപ്പിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകി വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | 11-3-2013 ലെ സ.ഉ.(എം.എസ്) നം.83/13/തസ്വഭവ ഉത്തരവ് പ്രകാരം ഇന്ദിരാ ആവാസ് യോജന അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവില്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പുതിയ ഭവന പദ്ധതി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ മുഖേന ഈ രംഗത്ത് കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം രാജീവ് ആവാസ് യോജന പദ്ധതി മുഖേന മുനിസിപ്പൽ കോർപ്പറേഷനുകളിൽ 83 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. IHSDP പദ്ധതി പ്രകാരം നഗര സഭയിൽ 3758 വീടുകൾ പൂർത്തീകരിക്കുകയും 2962 വീടുകളുടെ പുനരുദ്ധാരണം നടത്തുകയും ചെയ്തിട്ടുണ്ട് ഐ.എ.വൈ മുഖേന കഴിഞ്ഞ നാലു വർഷം 1,93,005 വീടുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | വിവിധ വകുപ്പുകളിലൂടെ നടപ്പാക്കുന്ന പദ്ധതികളുടെ ആസൂത്രണ, നിരീക്ഷണത്തിന് ആസൂത്രണ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണു ഉളളതെന്ന് വ്യക്തമാക്കുമോ? | (സി) | വകുപ്പു തല അവലോകനം കൂടാതെ പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനും പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മാസം തോറുമുളള സാമ്പത്തിക പുരോഗതി വിലയിരുത്തുന്നതിനും മറ്റു വകുപ്പുകളുമായുളള സംയോജനത്തിനും മറ്റുമായി പ്രത്യേക സംവിധാനം ആസൂത്രണ വകുപ്പിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ